**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1867** — **04/05/2017 ൽ മറുപടിയ്ക്ക്**

**കുംഭാര കോളനികളിൽ വ്യവസായ യൂണിറ്റ് തുടങ്ങാൻ നടപടി**

**ചോദ്യം**
**ശ്രീ.വി.അബ്ദുറഹിമാൻ**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മൺപാത്ര നിർമ്മാണം പരമ്പരാഗത തൊഴിലായി സ്വീകരിച്ചവർ താമസിക്കുന്ന കോളനി (കുംഭാര കോളനി)കൾ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; ഇവിടങ്ങളിൽ പുതിയ വ്യവസായ യൂണിറ്റ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് മൺപാത്ര നിർമ്മാണ മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ കളിമണ്ണിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്ന് കളിമണ്ണ് ലഭ്യമാക്കുക, ഡാമുകളിൽ ഉള്ള കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുക എന്നീ വിഷയങ്ങൾ പരിശോധിക്കപ്പെടേണ്ടവയാണ്. അതോടൊപ്പം ക്ലസ്റ്റർ സംവിധാനം വഴി മണ്ണ് അരച്ച് കുംഭരൻമാരുടെ കോളനികളിൽ എത്തിച്ച് അവർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ പൊതുവിപണിയിൽ വിൽക്കുന്നതിനുള്ള സംവിധാനം സ്വീകരിക്കുന്നതിനും പുതിയ മൺപാത്ര നിർമ്മാണ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നവർക്ക് പണിയുപകരണങ്ങൾ, കെട്ടിടം, മെഷിനറി എന്നീ സ്ഥിരനിക്ഷേപത്തിനുമേൽ 50% വരെ ഗ്രാന്റ് നൽകുന്ന ASHA പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. മൺപാത്ര നിർമ്മാണം പരമ്പരാഗത തൊഴിലായി സ്വീകരിച്ച് നിലമ്പൂരിലുള്ള കുംഭാര കോളനിയിലുള്ള സംരംഭകർക്കായി ഒരു ക്ലേ പോട്ടറി ക്ലസ്റ്റർ രൂപീകരിക്കുന്നതിനായി ബേസ് ലൈൻ സർവേ & ഫോർമുലേഷൻ ഓഫ് |

| | | | |
|---|---|---|---|
| | | | പ്രോജക്റ്റ് പ്ലാൻ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള കരകൗശല വികസന കോർപ്പറേഷനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ ; | (ബി) | മൺപാത്രങ്ങൾ പോലുള്ള കരകൗശല ഉല്പന്നങ്ങൾക്ക് നിലവിലെ ഐ.ആർ.ഡി.പി. മേളകൾ, മലബാർ ക്രാഫ്റ്റ് മേളകൾ,ഗദ്ദിക, മറ്റ് പ്രാദേശിക വിപണന മേളകൾ എന്നിവയിൽ സ്റ്റാളുകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകി വരുന്നുണ്ട്. അതോടൊപ്പം പ്രസ്തുത ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് നിലവിൽ വ്യവസായ വകുപ്പ് സംസ്ഥാനത്ത് നടത്തി വരുന്ന ചെറുകിട വ്യവസായ പ്രദർശന വിപണന മേളയിൽ ഇത്തരം സംരംഭകരെ സൗജന്യമായി പങ്കെടുപ്പിച്ചു വരുന്നു. |
| (സി) | ടൂറിസവുമായി ബന്ധപ്പെടുത്തി പുതിയ ഉല്പന്ന നിർമ്മാണത്തിന് വിദഗ്ധ പരിശീലനം ലഭ്യമാക്കുമോ ? | (സി) | മൺപാത്ര തൊഴിലാളികൾക്ക് സ്കിൽ ഡെവലപ്പ്മെന്റ് ട്രെയിനിംഗ് ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ